കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

.

# കീഴ്മാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
e-mail:doekm.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ.ഇ.കെ.എം.(പി5)2320/18

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്
തീയതി: 11/12/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
കീഴ്മാട് ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം : - കീഴ്മാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം.(പി5)2320/18

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.11/12/2018

## എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ.സി.ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2018 മുതൽ 30.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. പ്രസാദ്.പി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീമതി.ഷൈബി.ഇ.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി. മേഴ്സി കെ.പി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എ.രമേശ് | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഡാർളി ആന്റണി | 01.04.2017 മുതൽ 17.06.2017 വരെ |
| ശ്രീ സുനിൽ ആർ.(ഇൻ ചാർജ്ജ്) | 18.06.2017 മുതൽ 30.06.2017 വരെ |
| ശ്രീ.ഡാർളി ആന്റണി | 01.07.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സുനിൽ ആർ. | 01.04.2017 | 04.08.2017 |
| | ശ്രീമതി.റോഷ്നി കോശി.കെ. | 05.08.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.ലിസ്യൂക്സ് സെബാസ്റ്റ്യൻ | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഫിലോമിന സക്കറിയ | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീമതി.സാഹിത.പി.എം. | 01.04.2017 | 18.11.2017 |
| | ശ്രീമതി.പ്രിയദർശിനി.പി. | 19.11.2017 | 28.02.2018 |
| | ശ്രീമതി.ഹാജിറ .പി.എച്ച്. | 01.03.2018 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സിമി. എൻ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.എം.ആർ.സിന്ധു | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ബിജിമോൾ ഭാസ്കരൻ | 01.04.2017 | 31.03.2018 |
| വെറ്ററിനറി സർജ്ജൻ | ഡോ.ഷറഫുദീൻ എം. | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഉമ്മു ഹബീബ | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുട്ടമശ്ശേരി) | ശ്രീമുഹമ്മദ് സിദ്ദിക്.പി.കെ. | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടയപ്പുറം) | ശ്രീമതി.നിഷ കെ.എ. | 01.04.2017 | 31.03.2018 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വസ്തുനികുതിനിർണ്ണയിച്ചതിലെ അപാകതകൾ | 2-1 |
| 14 | കാലപ്പഴക്കംവന്ന ചെക്കുകൾ | 2-2 |
| 15 | ദുരിതാശ്വാസ നിധി | 2-3 |
| 16 | റോഡ് കട്ടിംഗ് ഫീസ് | 2-4 |
| | ഭാഗം 3 | |
| 17 | പദ്ധതി ആസൂത്രണം, നിർവ്വഹണം - വിലയിരുത്തൽ | 3-1 |
| 18 | തെരുവു വിളക്ക് മെയിന്റനൻസ് | 3-2 |
| 19 | യുവജനങ്ങൾക്ക് ഇരുചക്രവാഹനം-പദ്ധതി അപാകതകൾ | 3-3 |
| 20 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭ്യമായ തുക വിനിയോഗിച്ചില്ല | 3-4 |
| 21 | എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവർത്തനങ്ങൾ – അവലോകനം | 3-5 |
| 22 | മരങ്ങൾ വെട്ടുന്നതിനുള്ള കൂലി-ലഭ്യമായ തടിയുടെ വിനിയോഗം ഉറപ്പുവരുത്തണം | 3-6 |
| 23 | എ ബി സി പ്രോഗ്രാം 2017-18 | 3-7 |
| 24 | പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ | 3-8 |
| 25 | പ്രഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി | 3-9 |

| | | |
|---|---|---|
| 26 | കുടുംബശ്രീ തൊഴിൽസംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | 3-10 |
| 27 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്- ആനുകൂല്യം മുഴുവൻ നൽകുന്നില്ല | 3-11 |
| 28 | പാലിന് സബ്സിഡി-ഫണ്ടിന്റെ അപര്യാപ്തത | 3-12 |
| 29 | അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ-3 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല | 3-13 |
| 30 | ഒറ്റക്കുഴി കക്കൂസ് സെപ്റ്റിക് ടാങ്ക് ആക്കൽ പദ്ധതി | 3-14 |
| 31 | കോഴി വളർത്തൽ-സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3-15 |
| 32 | ജീവിതശൈലീരോഗനിർണയ ഉപകരണങ്ങൾ വാങ്ങി മാസങ്ങൾക്കുശേഷവും ഉപയോഗം തുടങ്ങിയിട്ടില്ല. | 3-16 |
| 33 | അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-17 |
| 34 | മെഡിക്കൽ ഓഫീസർ (ഹോമിയോ ) നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതി | 3-18 |
| 35 | വി ഇ ഒ നടപ്പാക്കിയ പ്രോജക്ടുകൾ-പൊതു അപാകതകൾ | 3-19 |
| | <u>ഭാഗം 4</u> | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 46 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 47 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 48 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |


# ഭാഗം 1

## <u>പൊതു അവലോകനം</u>

# 1-1 ബജറ്റ്

23.3.2017 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.03.2018 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 10.05.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19.6.2018 & 20.6.2018 | കെ.എസ്.എ.-ഇ.കെ.എം (പി.ജി)1786(31)/2018 തീയതി 30.08.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27091664 |
| വരവ് | 80062919 |
| ആകെ | 107154583 |
| ചെലവ് | 79222130 |
| നീക്കിയിരിപ്പ് | 27932453 |

.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 16338464 | 16338464 | 16114695 | 223769 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട്- എസ്.സി.പി. | | 0 | 6275624 | 6275624 | 5895524 | 380100 | 0 |
| വികസനഫണ്ട് – ടി.എസ്.പി. | | 0 | 165588 | 165588 | 115588 | 50000 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | | 0 | 7447224 | 7447224 | 6363408 | 1083816 | 0 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | | 0 | 2618231 | 2618231 | 2506668 | 111563 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 8724106 | 8724106 | 8374644 | 349462 | 0 |
| ലോകബാങ്ക് ധനസഹായം | | 0 | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 43172 | 2000 | 45172 | 0 | 0 | 45172 |
| ദുരിദാശ്വാസനിധി | | 4862 | 277 | 5139 | 0 | 0 | 5139 |
| എം.ജി. എൻ. ആർ.ഇ. ജി.എസ് | തൊഴിൽ കൂലി | 0 | 6699464 | 6699464 | 6699464 | 0 | 0 |
| | അഡ്മിനിസ്ട്രേഷൻ ചെലവ് | 2733 | 544985 | 547718 | 544858 | 0 | 2860 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം | | 1070743 | 799393 | 1870136 | 182181 | 0 | 1687955 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 43638 | 1227712 | 1271350 | 1227712 | 0 | 43638 |
| | ജില്ലാ പഞ്ചായത്ത് | 0 | 300000 | 300000 | 300000 | 0 | 0 |
| ബി ഫണ്ട് | | 0 | 229320 | 229320 | 229320 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 15890389 | 24399907 | 40290296 | 15959305 | 0 | 24330991 |
| | ട്രഷറി അക്കൗണ്ട്* | 8868627 | 10553605 | 19422232 | 19853297 | 0 | -431065 |
| മറ്റിനം-സാനിറ്റേഷൻ | | 0 | 185929 | 185929 | 107122 | 0 | 78807 |
| മറ്റിനം-വിമുക്തി | | 25000 | 12500 | 37500 | 16800 | 0 | 20700 |
| മറ്റിനം-ആശ്രയ | | 1142500 | 0 | 1142500 | 0 | 0 | 1142500 |
| മറ്റിനം-ഖരമാലിന്യ സംസ്കരണം | | 0 | 1936850 | 1936850 | 945000 | 0 | 991850 |

* ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 76168487 | 187 | 49282297 | 22 | 38 | 73.3% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

പദ്ധതി അവലോകനം

ആസൂത്രണ പ്രക്രിയയിലൂടെ പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യ സുരക്ഷയുമാണ് ജനകീയാസൂത്രണം രണ്ടാം ഘട്ടം ലക്ഷ്യമിടുന്നത്. നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി ഈ ലക്ഷ്യം മുൻ നിർത്തി പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിലെ 60% കുടുംബങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ കൃഷിയെ ആശ്രയിക്കുന്നു. 750 ഹെക്ടർ പ്രദേശത്ത് പലവിധ കൃഷികളുണ്ട്.തരിശുഭൂമി 225 ഹെക്ടർ, കൃഷി യോഗ്യമായത് 180 ഹെക്ടർ എന്നിങ്ങനെ സ്ഥിതിവിവരകണക്കുകൾ, സ്റ്റാറ്റസ് റിപ്പോർട്ട് നല്കുന്നു.എന്നാൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കാനും ഇറിഗേഷൻ കാര്യക്ഷമമാക്കാനും വിഭാവനം ചെയ്തിരുന്നെങ്കിലും ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. എന്നാൽ കൃഷിക്ക് വേണ്ടി കൊയ്ത്തുമെതിയന്ത്രം പോലുള്ള പദ്ധതികൾ നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്.

അസി.എഞ്ചിനീയർ നടപ്പിലാക്കിയ 75 പദ്ധതികളിൽ 62 പദ്ധതികളും റോഡ് നവീകരണം,റോഡ് കട്ടവിരിക്കൽ എന്നിവയാണ്. പൊതുകിണറുകളുടെ നവീകരണം, അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം എന്നീ അത്യാവശ്യ പ്രവർത്തികൾ നടപ്പിലാക്കാതെയുമുണ്ട്. അങ്കണവാടി കെട്ടിടങ്ങളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ എന്ന പ്രവർത്തികളിൽ അധികവും മേൽക്കൂര ഷീറ്റ് മേയൽ ആണ് നടത്തിയിട്ടുള്ളത്. പദ്ധതി രൂപീകരണത്തിലെ അപാകതകളും, ദീർഘവീക്ഷണമില്ലായ്മയും വ്യക്തമാണ്.

ഏതാണ്ട് 3000 ഓളം എസ്.സി.കുടുംബങ്ങൾ പത്തോളം കോളനികളിലായി പഞ്ചായത്തിൽ താമസിക്കുന്നുണ്ടെങ്കിലും, കോളനി നവീകരണം പോലുള്ള പ്രവൃത്തികൾ വളരെ കുറച്ചുമാത്രമേ നടപ്പാക്കിയിട്ടുള്ളൂ.

ഗ്രാമപഞ്ചായത്തിൽ 3 സർക്കാർ സ്കൂളുകൾ(യു.പി.,എൽ.പി.) ഉണ്ട്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി എസ്.എസ്.എ.വിഹിതം, പത്താം തരം, പ്ലസ് ടു തുല്യതാ പരീക്ഷാഫീസ് നല്കൽ എന്നീ പ്രോജക്ടുകളല്ലാതെ, സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയില്ല. പൊതുവിദ്യാലയങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക വഴി നിലവാരം ഉയർത്തി, കുട്ടികളെ ആകർഷിക്കാൻ ശ്രമിക്കേണ്ടതാണ്.

മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി, കെൽട്രോണുമായി ചേർന്ന് ക്യാമ്പ് നടത്തി, 5,50,000/- രൂപയോളം നീക്കിവെയ്ക്കാൻ തീരുമാനിച്ചെങ്കിലും (ആരോഗ്യകാര്യ സ്റ്റാ.കമ്മറ്റി തീരു.നം.5/30-1-18) പ്രോ.നം.207/18 പ്രകാരം 300000/- രൂപ മാത്രമാണ് വകയിരുത്തിയത്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നല്കുന്ന സ്കോളർഷിപ്പ് തുകയിലും മതിയായ വകയിരുത്തൽ നടത്താതെ, ലഭ്യമായ തുക പങ്ക് വെച്ചുനല്കുകയാണ് ചെയ്യുന്നത്.പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിനുള്ള ഇത്തരം പ്രോജക്ടുകൾ അനുഭാവപൂർവ്വം പരിഗണിച്ച് നടപ്പാക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്ന പ്രവർത്തിക്കായി രണ്ട് പ്രോജക്ടുകളിലായി 7 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും, കൃത്യമായ പ്ലാനിംഗിന്റെയും, ആവശ്യകതകളുടെയും മുൻഗണനാക്രമത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിനാൽ ഇനിയും ഉപയോഗയോഗ്യമായിട്ടില്ല. ചെയ്ത പണികളാകട്ടെ ഗുണമേന്മയില്ലാത്തതും, അത്യാവശ്യമില്ലാത്തതുമായ ഫാൾസ് സീലിംഗ്, ശബ്ദ നിയന്ത്രണത്തിനുള്ള പാനലിംഗ് എന്നിവയും, ഹാളിന്റെ പകുതി മാത്രം ടൈൽ ഫ്ളോറിംഗ് എന്നിങ്ങനെയുമാണ്. ഒരേ പ്രോജക്ട് തന്നെ രണ്ട് നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന രീതിയുമുണ്ട്. ഉദാ. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തെരുവുവിളക്കുകളുടെ പരിപാലനം - എ.എം.സി നല്കൽ എന്ന തനത് ഫണ്ട് പ്രോജക്ട്, നിരക്കുകളെ കുറിച്ച് ശരിയായ പഠനം നടത്തി കൂടുതൽ ജാഗ്രതയോടെ നടപ്പാക്കിയില്ലെങ്കിൽ ഭാവിയിൽ പഞ്ചായത്തിന് കനത്ത സാമ്പത്തിക ബാധ്യതയുണ്ടാകും. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും, സുരക്ഷ ഉറപ്പാക്കാനും ഭരണസമിതിയും, ക്ഷേമകാര്യ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

പ്രാദേശിക വികസനം, ദാരിദ്ര്യ ലഘൂകരണം, ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം, വിദ്യാഭ്യാസം, കല, സാംസ്കാരികം, യുവജനക്ഷേമം, പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പദ്ധതികൾ രൂപീകരിക്കാൻ ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകളും, നടപ്പിലാക്കാൻ ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2733 | 544985 | 547718 | 544858 | 2860 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 6699464 | 6699464 | 6699464 | 0 |
| ആകെ | 2733 | 7244449 | 7247182 | 7244322 | 2860 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7320 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 3478300 | 306 |
| വിധവാപെൻഷൻ | 14990600 | 1312 |
| വാർദ്ധക്യകാലപെൻഷൻ | 27484800 | 2274 |
| വികലാംഗപെൻഷൻ | 4079800 | 373 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 260800 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/11/2018 3.15പി.എം.ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 14,406/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെന്ന് പറയുന്നതല്ലാതെ നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

6.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

8. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

9. സ്യൂട്ട് രജിസ്റ്ററിൽ അവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

10. റോഡ് കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

11.പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

12.വാങ്ങലുകൾക്ക് ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടുകൾ സംബന്ധിച്ച വാങ്ങലുകൾ അതാത് നിർവ്വഹണോദ്യോഗസ്ഥരുടെ ചുമതലയാണ്. വാങ്ങലുകൾക്ക് ഏകീകൃത സ്വഭാവമില്ല. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് എന്ന രണ്ടുപ്രോജക്ട് വ്യത്യസ്ത നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയതിന്റെ പർചേസ് ഒരുമിച്ച് ടെണ്ടർ നടപടികളിലൂടെ നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല.

13.പഞ്ചായത്തിലെ സി.ഡി.എസ്.സംവിധാനം ഒരു സ്വതന്ത്ര വിംഗ് ആയാണ് പ്രവർത്തിക്കുന്നതെന്നും, അവരുടെ തപാലുകൾ പോലും പഞ്ചായത്ത് ഭരണസമിതിയൊ, ഉദ്യോഗസ്ഥരൊ കാണുന്നില്ലായെന്നും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി 3-7-17, തീരുമാനം 1 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. അസി.സെക്രട്ടറിയാണ് സി.ഡി.എസ് മെമ്പർ സെക്രട്ടറി എന്നിരിക്കെ, സ്വതന്ത്ര ഓഫീസ് എന്ന നിലയിൽ പ്രവർത്തിക്കുന്ന സിഡിഎസ്, ആഭ്യന്തരനിയന്ത്രണത്തിന്റെ പോരായ്മയാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.10.2018 | ജൂൺ 2018- സെപ്റ്റംബർ 2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 20.10.2015 | 2010-11 മുതൽ 2014-15 വരെ | 27.10.2015 |

| ഓഡിറ്റ് | | | |
|---|---|---|---|

## 1-12 വാർഷികകണക്കിലെ അപാകതകൾ

മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വസ്തുനികുതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) ഒരേ ഉടമയുടെ ഒന്നിലേറെ കടമുറികൾ ഒരേ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും എന്നാൽ വെവ്വേറെ അസസ്സ്മെൻറ് നടത്തുകയും ചെയ്ത് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | വാർഡ് നം./ കെട്ടിട നം. | തറ വിസ്തീർണ്ണം. /ച.മീ. | ഈടാക്കിയ നിരക്ക്/ 30 | ആകെ | ഈടാക്കേണ്ടതായ നിരക്ക്/ 60 | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | എം.എം. അബ്ദുൾ അസീസ് മനോടത്ത് ഹൌസ്, എടയപ്പുറം | 19/36A<br>36/B<br>36/C<br>36/D<br>36/E | 54.25<br>32.52<br>41.4<br>44.3<br>74.43<br><br>ആകെ 246.9 | 1627.5<br>975.6<br>1242<br>1329<br>2232.9 | 7407 | 14814 | 7407 |
| 2 | എൻ.വി. ഗോപാലൻ, ഞാറ്റുവീട്ടിൽ , എടയപ്പുറം | 19/226A<br>226B<br>226C<br>226D | 57.5<br>56.97<br>21.12<br>36.58<br>ആകെ 172.17 | 17.25<br>1709.1<br>633.6<br>1097.4 | 5165.1 | 10330.2 | 5165.1 |
| 3 | അബ്ദുൽ സലാം, | 18/227/A<br>227/B | 69.45 | 2083.5<br>1500.9 | 12237.9 | 24475.8 | 12237.9 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കല്ലുങ്കൽ,<br>തോട്ടുമുഖം,<br>ആലുവ,<br>& സൌദാബി. | 227/C<br>227/D<br>“E<br>“F<br>“G<br>“H<br>“J<br>“K<br>“L<br>“ M<br>“N<br>“P | 50.03<br>47.24<br>65.24<br>18.86<br>18.44<br>18.44<br>19.53<br>14.91<br>17.51<br>16.59<br>18.67<br>17.63<br>15.39<br>ആകെ<br>407.93 | 1417.2<br>1957.2<br>565.8<br>553.2<br>553.2<br>585.9<br>447.3<br>525.3<br>497.7<br>560.1<br>528.9<br>461.7 | | | |
| 4 | മുഹമ്മദ്<br>ഷാഫി,<br>കല്ലുങ്കൽ,<br>എടയപ്പുറം | 18/283/A<br>“ B<br>“C<br>“D<br>“F<br>“G<br>“H<br>“J<br>“K<br>“L<br>“E | 82.67<br>82.67<br>82.67<br>82.67<br>90<br>90<br>90<br>77.3<br>77.3<br>77.3<br>82.67<br>ആകെ<br>915.25 | 2480<br>2480<br>2480<br>2480<br>2700<br>2700<br>2700<br>2319<br>2319<br>2319<br>2480.1 | 27457.5 | 54915 | 27457.5 |
| 5 | നജീബ്,<br>എടയത്താളി,<br>എടയപ്പുറം,<br>ആലുവ | 18/609/A<br>“B<br>“C<br>“D<br>“E | 46<br>46<br>17<br>12<br>7.81<br>ആകെ<br>128.81 | 1380<br>1380<br>510<br>360<br>234.3 | 3864.3 | 7728.6 | 3864.3 |
| 6 | ഷീല<br>യേശുദാസ്,<br>കൊച്ചുവീട്ടിൽ<br>,ചൂണ്ടി. | 16/60/A<br>“B<br>“C<br>“D<br>“E<br>“F<br>“G<br>“H<br>“I | 52.27<br>13.64<br>7.57<br>21.91<br>25.37<br>22.1<br>24.43 | 1568.1<br>409.2<br>227.1<br>657.3<br>761.1<br>663<br>732.9<br>851.7<br>739.2 | 6609.6 | 13219.2 | 6609.6 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 28.39<br>24.64<br>ആകെ<br>220.32 | | | | |
| 7 | നൌഷാദ്<br>സഗീർ,അബു,<br>ബിപാത്തു,<br>കല്ലുങ്കൽ,<br>അശോകപുരം | 16/237/A<br>"B<br>"C<br>"D | 30.687<br>20.42<br>20.077<br>49.517<br>ആകെ<br>120.701 | 920.61<br>612.6<br>602.31<br>1485.51 | 3621.03 | 7242.06 | 3621.03 |
| 8 | ദേവ് ഗിൽസ്<br>പ്രീതി ഗിൽസ്,<br>പയ്യപ്പിള്ളി | 16/296/E<br>"F<br>G<br>"H<br>A | 25.24<br>25.75<br>32.1<br>32.1<br>18.88<br>ആകെ<br>133.97 | ആകെ<br>4018.7 | 4018.7 | 8038.2 | 4018.7 |
| 9 | പ്രസിഡൻറ്,<br>കുട്ടമശ്ശേരി<br>സർവീസ്<br>സഹകരണ<br>ബാങ്ക് | 10/187/A<br>"B<br>"C | 74.89<br>51.77<br>45.92<br>ആകെ<br>172.88 | ആകെ<br>5177.4 | 5177.4 | 10354.8 | 5177.4 |
| 10 | സെക്രട്ടറി,<br>NSS<br>കരയോഗം<br>3080,<br>കീഴ്മാട് | 10/427 A<br>"B<br>"C<br>"D | 30<br>30<br>35.1<br>30<br>ആകെ125.1 | ആകെ<br>3753 | 3753 | 7506 | 3753 |
| 11 | സെമീർ<br>കിടങ്ങേടത്ത്<br>മെഴുക്കാട്ടിൽ,<br>കീഴ്മാട്. | 9/236 A<br>"B<br>"C<br>"D<br>"E<br>"F<br>"G<br>"H | 88.91<br>69.04<br>90.45<br>78.71<br>54.46<br>67.97<br>79.63<br>70.79<br>ആകെ<br>599.96 | ആകെ<br>17998.8 | 17998.8 | 35997.6 | 17998.8 |
| 12 | ഷിഹാബ്,<br>മിയ്യത്ത്,<br>തോട്ടുമുഖം | 4/130 B<br>"C | 68.73<br>68.73<br>ആകെ | ആകെ<br>4123.8 | 4123.8 | 8247.6 | 4123.8 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 137.46 | | | | |
| 13 | അനിൽകുമാർ, പറമ്പിയാലിൽ, കുട്ടമശ്ശേരി | 4/181/A<br>"B<br>"D<br>"C | 12.72<br>36.3<br>49.02<br>49.02<br>ആകെ<br>147.06 | ആകെ<br>4411.8 | 4411.8 | 8823.6 | 4411.8 |
| 14 | മുഹമ്മദ് സഗീർ പി.എ. പെരിങ്ങാട്ട് | 2/115A<br>"C<br>"D | 20.85<br>89.18<br>98.9<br>ആകെ<br>208.93 | ആകെ<br>6297.9 | 6297.9 | 12535.8 | 6297.9 |
| 15 | കുഞ്ഞുമുഹമ്മദ് എം.എ. , മിയ്യത്ത് | 2/280/A<br>"B<br>"C<br>"D | 71.42<br>95.8<br>71.42<br>95.8<br>ആകെ<br>334.44 | 10033.2 | 10033.2 | 20066.4 | 10033.2 |
| 16 | മുഹമ്മദ് സഗീർ പി.എ. പെരിങ്ങാട്ട് | 2/601/D<br>"E<br>"F<br>"G<br>"H<br>"J<br>"K<br>"L<br>'M<br>"N<br>"P<br>"A<br>"B | 14.76<br>46.3<br>36.33<br>38.51<br>59.66<br>66.93<br>21.62<br>35.84<br>37.03<br>24.26<br>59.58<br>86.56<br>72.61<br>ആകെ<br>599.99 | ആകെ<br>17999.7 | 17999.7 | 35999.4 | 17999.7 |

ബി) കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി

| ക്ര നം. | പേര്, വിലാസം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം /ച.മീ | ഈടാക്കിയ നികുതി 30/-രൂപ നിരക്കിൽ | ഈടാക്കേണ്ട നിരക്ക് 60/-രൂപ നിരക്കിൽ | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | പ്രമോദ് ആന്റണി, എൻ ടി ആന്റണി നരിക്കുളങ്ങര കോളനിപ്പടി | 17/257എ | 109.6 | 3288/- | 6576/- | 3288/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി നം 23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച്, അപാകതകൾ പരിഹരിച്ച് ലഭിക്കേണ്ടതായ മുഴുവൻ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. സമാനമായ മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണ്ണയത്തിൽ അപാകതയുണ്ടെങ്കിൽ ആയതും പുനപരിശോധിക്കേണ്ടതാണ്.

## 2-2 കാലപ്പഴക്കംവന്ന ചെക്കുകൾ

കീഴ്മാട് ഗ്രാമപഞ്ചായത്തിൻെറ KSCB (DRF) 450430101 എന്ന അക്കൗണ്ടിൻെറ പാസ്സ്ബുക്ക് പ്രകാരം 31.03.2018 ൽ 7139 രൂപ ബാലൻസ് ഉണ്ട്. 2017-18 AFS പ്രകാരം ഈ അക്കൗണ്ടിൽ 5139രൂപയാണ് കാണിച്ചിരിക്കുന്നത്. ടി അക്കൗണ്ടിൻെറ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം cheque issued but not presented in the bank എന്ന ഇനത്തിൽ 18.10.2013 തീയതിയുള്ള 2000 രൂപയുടെ ചെക്ക് കാണിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ ഈ രീതിയിൽ ഇതേ ചെക്ക് തന്നെ cheque issued but not presented in the bank എന്ന ഇനത്തിൽ കാണിച്ചിട്ടുണ്ട്. 2013 ൽ ഇഷ്യൂ ചെയ്ത ചെക്ക് നാളിതുവരെ stale cheqeue ഹെഡിലേക്കുമാറ്റി അക്കൗണ്ട് ക്രമീകരിക്കാത്തതിൻെറ കാരണം വിശദീകരിക്കുവാൻ ആശ്യപ്പെട്ട് നൽകിയ 26.11.2018 ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 18.10.2013 ൽ ഇഷ്യൂ ചെയ്ത 27330 നമ്പർ ചെക്ക് നാളിതുവരെ മാറിപ്പോകാത്തതിനാൽ ആയത് ഓഡിറ്റ് വേളയിൽ രസീതായെടുത്ത് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കണക്ക് 28.11.2018 ൽ ക്രമീകരിച്ചതായി അറിയിച്ചിട്ടുണ്ട്. 18.10.2013 ൽ ബേബി കുഞ്ഞുമോൻ എന്നയാൾക്ക് ഇഷ്യൂ ചെയ്ത ടി ചെക്ക് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. താൽപ്പര്യമില്ലാത്തവർക്ക് ആനുകൂല്യങ്ങൾ നൽകാതിരിക്കുക. തീരെ അവശരായവർക്ക് തുക കൈപ്പറ്റുവാനുള്ള സഹായസഹകരണങ്ങൾ നൽകുക. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-3 ദുരിതാശ്വാസ നിധി

കീഴ്മാട് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (കുട്ടമശ്ശേരി സർവ്വീസ് സഹകരണ ബാങ്കിലെ 1327/1 നം അക്കൗണ്ട്) 2016-17 ലെ മുന്നിരുപ്പ തുക 6862/-രൂപയും, 2017-18 വർഷത്തെ നീക്കിയിരിപ്പ തുക 7282/-രൂപയുമാണ്. ദുരിതാശ്വാസ നിധി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം തൻവർഷം നടന്നിട്ടില്ല എന്ന് വ്യക്തമാണ്. തൻവർഷം പലിശയിനത്തിൽ ലഭിച്ച 420/- യുടെ വരവല്ലാതെ ദുരിതാശ്വാസ നിധിയിൽ മറ്റ് വരവുകൾ ഇല്ല. ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയിൽ നിന്നും യാതൊരുവിധ ആനുകൂല്യവും അനുവദിച്ചിട്ടില്ല. ദുരിതാശ്വാസ നിധി യുടെ സബ് കമ്മിറ്റി 2017-18ൽ യോഗം ചേരുകയൊ ആയത് വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പല പ്രദേശങ്ങളും വെള്ളപ്പൊക്ക കെടുതികളിലാണ്, ജനങ്ങളിൽ അധികവും നിർദ്ധനരും, എസ്.സി.വിഭാഗക്കാരുമാണ്. ദുരിതാശ്വാസ നിധി ആനുകൂല്യം ആവശ്യമായ ഇത്തരം സാഹചര്യങ്ങളിലേക്ക് ഒരു മുൻകരുതൽ തീർത്തും ആവശ്യമാണ്. 2003ലെ കേരള പഞ്ചായത്തി രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി നിലവിലെ സെക്രട്ടറിയും ഭരണ സമിതിയും പ്രത്യേകം സ്വീകരിക്കേണ്ടതാണ്.

## 2-4 റോഡ് കട്ടിംഗ് ഫീസ്

പഞ്ചായത്ത് അതിർത്തിയിൽ പകലോമറ്റം-മോസ്കോ റോഡിൽ 100മീറ്റർ നീളത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് ഐഡിയ സെല്ലുലാർ എന്ന സ്ഥാപനത്തിന് 16-05-17 ൽ തീരുമാനം നം 15(1) അനുമതി നൽകിയിട്ടുണ്ട്. എ.ഇ. കണക്കാക്കി നൽകിയ നിരക്കനുസരിച്ചാണ് 95000/-രൂപ ഈടാക്കിയിരിക്കുന്നത്. 1എം$^2$ ന് 1521 രൂപ നിരക്കിൽ 100 മീറ്റർ ഒപ്റ്റിക്കൽ ഫൈബർകേബിൾ പെർമിറ്റ് ഫീസ് 152100/- രൂപയാണ് ഈടാക്കേണ്ടത്. GO No.CE/R&B/GL/6682/06 Dtd.18-3-2013 of CE, PWD R7b.Tvm.എന്ന ഉത്തരവ്

പ്രകാരമാണ് തുക ഈടാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവിൽ .50 മീറ്ററും, അതിലധികവും ട്രെഞ്ചിങ് വീതി 1.5 ഇരട്ടിയായി കണക്കാക്കേണ്ടതും, ഏറ്റവും കുറവ് 1മീറ്റർ ആയി നിജപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.ഇപ്രകാരം ഈടാക്കേണ്ടിയിരുന്നത്

100m x1 m=100 $m^2$

1521x100$m^2$= 152100/-രൂപയാണ്. എന്നാൽ ഈടാക്കിയിരിക്കുന്നത് 95000/- രൂപയാണ്. ഈയിനത്തിൽ 57100/-രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 16-5-17ലെ തീരുമാന നം 15(1)ൽ, റോഡ് പൂർവ്വസ്ഥിതിയിൽ ആക്കാനുള്ള നിരക്ക് കണക്കാക്കി നല്കാൻ അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് എ.ഇ.കണക്കാക്കി നൽകിയ റോഡ് റീസ്റ്റോറേഷൻ ചാർജാണ് റോഡ് കട്ടിംഗ് ഫീസ് ആയി ഈടാക്കിയിട്ടുള്ളത്. എന്നാൽ എ.ഇ.കണക്കാക്കി നല്കിയതും, നൽകാൻ ആവശ്യപ്പെട്ടതും റോഡ് റീസ്റ്റോറേഷൻ ചാർജാണെന്നും, ഇത് നിലവിലെ ഡിഎസ്ആർ നിരക്കനുസരിച്ച് നല്കിയിട്ടുണ്ടെന്നും, റോഡ് കട്ടിംഗ് ഫീസ് നിശ്ചയിക്കാനല്ല കമ്മറ്റി ആവശ്യപ്പെട്ടതെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എ. ഇ. മറുപടി നൽകിയിട്ടുണ്ട്. വരവ് ഇനം എന്ന നിലയിൽ കൃത്യമായ ഫീസ് ഈടാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയായതിനാൽ കുറവ് വന്ന തുക ഐഡിയ സെല്ലുലാർ കമ്പനിയിൽ നിന്നൊ സെക്രട്ടറിയിൽ നിന്നൊ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഐഡിയ സെല്ലുലാർ തുക അടവാക്കിയ രസീത് നം.117070500015/31-5-17 ചെക്ക് നം. 220901/29-5-17.

ഐഡിയ സെല്ലുലാർ 5-4-17 ലെ അപേക്ഷയിലും, അതിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ഡ്രോയിംഗിലും 125 മീറ്ററിനും, 13-7-17 ലെ അപേക്ഷയിൽ 100/-മീറ്ററിനും (ഡ്രോയിംഗിൽ 125 മീറ്റർ) ആണ് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ അനുമതി നല്കിയിരിക്കുന്നത് 100/-മീറ്ററിനാണ്. അളവുകളിൽ ഇത്തരത്തിൽ വ്യത്യാസം സംഭവിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ആസൂത്രണം, നിർവ്വഹണം - വിലയിരുത്തൽ

ജി.ഒ. (എം.എസ്) 10/2017/ത.സ്വ.ഭ.വ / 09.01.2017 ഉത്തരവിലാണ് 2017-2022 പഞ്ചവത്സര പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിരുന്നത്.തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തെ മേൽ ഘടകങ്ങളുടെ പ്രവർത്തനം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. ഓഡിറ്റ് വർഷത്തിൽ ആസൂത്രണ സമിതി യോഗം ചേർന്നതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ തൻവർഷ പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ, ഏകോപനത്തിലോ ആസൂത്രണസമിതിയുടെ പങ്കാളിത്തം ഇല്ലായിരുന്നു. വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേകൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തിയിട്ടില്ല. വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ആസൂത്രണ സമിതിയുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല. പദ്ധതി രൂപീകരണത്തിൽ ഗുണപരമായ യാതൊരു ഇടപെടലുകളും ആസൂത്രണസമിതി 2017-18ൽ നടത്തിയിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖ ആസൂത്രണ സമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ, സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ ,സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും

ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി യാതൊരു രേഖയിലും കാണുന്നില്ല. എരുമത്തല സർക്കാർ എൽ.പി.സ്കൂളിന്റെ ദയനീയമായ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തി പൊതുവിദ്യാലയങ്ങൾ മികവുറ്റതാക്കാൻ യാതൊരു പ്രോജക്ടും മുന്നോട്ട് വെച്ചില്ല എന്നത് ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്നുള്ള പാളിച്ചയാണ്. സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ, അങ്കണവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ടുള്ള പ്രോജക്ടുകളും വിഭാവനം ചെയ്തില്ല. 'അങ്കണവാടികളുടെ ഭൗതിക സൗകര്യം' എന്ന വിഭാഗത്തിൽ മേൽക്കൂര ട്രസ്സ് വർക്ക് മാത്രമാണ് നടപ്പാക്കിയ പ്രോജക്ടുകൾ.

സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് കാര്യമായ പ്രയോജനം ചെയ്യുന്ന വിധത്തിലല്ല തയ്യാറാക്കിയിരിക്കുന്നത്. പല അടിസ്ഥാന വിവരങ്ങളും ഉദാ: ഉപയോഗക്ഷമമല്ലാത്ത ആസ്തികളുടെ വിവരങ്ങൾ, പാടശേഖര സമിതികൾ, മത്സ്യബന്ധനമേഖല എന്നീ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ചേർത്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസന സെമിനാർ എന്നിവക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിർജ്ജീവമായിരുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പലതും തൻവർഷം യോഗം ചേർന്നിട്ടില്ല. ആവർത്തിച്ചു ചെയ്യുന്ന പ്രോജക്ടുകൾ വീണ്ടും തുടരാൻ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തത്. പ്രാദേശിക സാമ്പത്തികവികസനവും, സാമൂഹ്യസുരക്ഷയും അടിസ്ഥാന സൗകര്യവികസനവും മുൻനിർത്തി നൂതനങ്ങളായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞില്ല. 3 സർക്കാർ വിദ്യാലയങ്ങൾ ഉണ്ടെങ്കിലും ആവശ്യകതയെ അടിസ്ഥാനമാക്കി പ്രോജക്ട് നിർദ്ദേശങ്ങൾ ഉണ്ടായില്ല. എരുമത്തല ഗവ.എൽ.പി.സ്കൂളിന് ആവശ്യത്തിന് ക്ലാസ്സ് മുറികൾ ഇല്ല. ഫിറ്റ്നസ് ഇല്ലാത്തതിനാൽ കെട്ടിടത്തിന്റെ ഒരു ഭാഗം അടച്ചിട്ടിരിക്കുന്നു. പുതിയ കെട്ടിടം, മതിയായ പഠന സാമഗ്രികൾ എന്നിവ നല്കാനുള്ള പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചയായില്ല. പദ്ധതികൾ എത്രമാത്രം പ്രാവർത്തികമായി എന്ന് പിന്നീട് വർക്കിംഗ് ഗ്രൂപ്പുകൾ വിലയിരുത്തിയില്ല. കൂടാതെ ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ

പ്രൊജക്റ്റിൽ പോലും നടത്തിയില്ല എന്ന് കാണുന്നു. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകൾ നാമമാത്രമായിരുന്നു. വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ (പ്ലാസ്റ്റിക്ക് ഷ്രെഡിങ് യൂണിറ്റ്, പേപ്പർ ക്യാരി ബാഗ് യൂണിറ്റ്, തുണിസഞ്ചി നിർമ്മാണം, സാനിറ്ററി നാപ്കിൻ യൂണിറ്റ് തുടങ്ങിയവ) നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക ,നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് .ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. യോഗങ്ങൾ ചേർന്നുവെങ്കിലും, സജീവമായ ഇടപെടലുകളുടെ അഭാവം എടുത്തുപറയേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക ഉന്നമനം സാധ്യമാകുന്ന സംരംഭങ്ങളോ, പദ്ധതികളോ നടപ്പാക്കാൻ നാളിതുവരെ ശ്രമിച്ചിട്ടില്ല. പഞ്ചായത്തിലെ വാണിജ്യമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താനും കഴിഞ്ഞിട്ടില്ല. കുടുംബശ്രീ സംരംഭം ഒന്നുപോലും പുതുതായി തുടങ്ങാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ടെങ്കിലും, വരവ് ചെലവ്, ജീവനക്കാരുടെയും പഞ്ചായത്ത് അംഗങ്ങളുടെയും യാത്രാബത്ത കണക്കുകൾ അംഗീകരിക്കുക എന്നതിനപ്പുറം ക്രിയാത്മകമായ നിർദ്ദേശങ്ങളോ, തീരുമാനങ്ങളോ എടുത്തിട്ടില്ല. വസ്തുനികുതി അപ്പീലുകളിൻമേൽ തീരുമാനമെടുക്കാൻ പോലും ഒരുവർഷത്തിൽ അധികം സമയമെടുത്തിട്ടുണ്ട്. ഉദാ.നാഷണൽ ടിൻ കമ്പനി (XVI/187)15-11-16 ൽ നൽകിയ ടാക്സ് അപ്പീൽ തീർപ്പാക്കിയത് 5-5-18 ൽ ആണ്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പദ്ധതി നിർവ്വഹണപുരോഗതി വിലയിരുത്തൽ ഓരോ യോഗത്തിലും നടത്തിയിട്ടുണ്ട്. വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ അംഗീകരിക്കുന്ന പ്രധാന അജണ്ടയിൽ നിന്നും വ്യത്യസ്തമായ ചർച്ചകളൊന്നും തന്നെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടത്തിയിട്ടില്ല. തൻവർഷത്തെ പ്രോജക്റ്റ് അവലോകനം ഒരു തവണ മാത്രം നടത്തിയിട്ടുണ്ട്. ആശ്രയ കിറ്റുകൾ കൃത്യമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന അടിസ്ഥാന വിഷയങ്ങൾ കമ്മറ്റി അജണ്ടയിൽ വരുന്നില്ല. എന്നാൽ ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി താരതമ്യേന മെച്ചപ്പെട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്.

വികസന സെമിനാറിൽ എത്ര പേർ പങ്കെടുത്തുവെന്ന വിവരം ലഭ്യമായിട്ടില്ല. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസന സെമിനാറിൽ ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരടക്കം ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. 13-ാം പഞ്ചവത്സര പദ്ധതിയോടനുബന്ധിച്ച്, നവകേരളാമിഷനായി ഗ്രാമസഭകൾ 2-4-17 നും 9-4-17 നും ഇടയിൽ വിളിച്ചു ചേർക്കാൻ 28-3-17ലെ ത.സ്വ.ഭ.വ. സർക്കുലർ നം. 118/DA 3/2017 ൽ ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിച്ചതനുസരിച്ച് ഗ്രാമസഭകൾ കൂടിയിട്ടുണ്ട്.

മേൽ ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഖണ്ഡികയിലെ പരാമർശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്കും,സ്റ്റാന്റിംഗ് കമ്മറ്റികൾക്കും രേഖാമൂലം നൽകാനും ആയതും അതാത് ഘടകങ്ങളുടെ മറുപടിയും അതാത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നു.

## 3-2 തെരുവു വിളക്ക് മെയിന്റനൻസ്

തെരുവു വിളക്ക് മെയിന്റനൻസിനായി 2017-18 ൽ 15,00,000/- രൂപ അടങ്കലിൽ പദ്ധതി (പ്രോജക്റ്റ് നം 10/18) രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെരുവു വിളക്കു സാമഗ്രികൾ വാങ്ങുന്നതിനും ലേബർ ചാർജ്ജ് ഇനത്തിലുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതി നടത്തിപ്പിലേക്ക് ഇ-ടെണ്ടർ വഴിയാണ് കരാറുകാരനെ തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1). കേരള ഇലക്ട്രിക്കൽ ലൈസൻസിംഗ് ബോർഡിന്റെ വയർമാൻ പെർമിറ്റ് മാത്രമുള്ള വ്യക്തിക്കാണ് കരാർ കൊടുത്തിരിക്കുന്നത്. ലൈസൻസിന്റെ കാലാവധി 10.01.2018 വരെ മാത്രമുള്ളപ്പോഴാണ് 19.10.2017ൽ അടുത്ത ഒരുവർഷത്തേക്ക് ഇദ്ദേഹവുമായി കരാറിലേർപ്പെടുന്നത്. 07.12.2017 ൽ മാത്രമാണ് ലൈസൻസ് പുതുക്കി രേഖ ഹാജരാക്കിയിട്ടുള്ളത്. അതായത് കരാറിലേർപ്പെടുമ്പോൾ ഇദ്ദേഹത്തിന് മതിയായ യോഗ്യതയുണ്ടായിരുന്നില്ലെന്ന് വ്യക്തമാണ്. ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ധ്യവുമുള്ള ആളുകളെക്കൊണ്ടുമാത്രമേ ഇത്തരം ജോലികൾ ചെയ്യിക്കാവൂ എന്നാണ് വ്യവസ്ഥ (തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ). ഇദ്ദേഹത്തിന് കീഴിൽ ഇപ്രകാരം

യോഗ്യതയുള്ള ജോലിക്കാരുണ്ടെന്നതിന് രേഖകളൊന്നും ഹാജരാക്കിയതായി കാണുന്നില്ല.

2). മെയിന്റനൻസിനുള്ള സാധനങ്ങൾ വാങ്ങിയതിന് തെളിവായി വച്ചിരിക്കുന്ന ബില്ലിന് യാതൊരു ആധികാരികതയുമില്ല. വാറ്റ് കോമ്പൗണ്ട് ചെയ്തിട്ടുള്ള ഒരു സ്ഥാപനത്തിന്റെ പേരിലുള്ള ഇൻവോയ്സിൽ തീയതി, സ്ഥാപനത്തിന്റെ ടിൻ നം/ജി.എസ് റ്റി നം, ഫോൺ നം, ആകെ ഈടാക്കിയ നികുതി തുടങ്ങിയ വിവരങ്ങളില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ(നം 4/22.11.2018) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ വാങ്ങിയ സാധനങ്ങളുടെ എണ്ണം, അംഗീകൃത ബ്രാൻഡ് ആണോ തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്താനായില്ല. തൻ വർഷം സാധനങ്ങൾ വാങ്ങിയ ഇനത്തിൽ 3,32,296/-രൂപയും ലേബർ ചാർജ്ജിനത്തിൽ 337490/- രൂപയുമടക്കം 669786/- രൂപയാണ് ഒന്നാം പാർട്ട് ബില്ലായി (വൗച്ചർ നം. 21701137/05.03.2018) നൽകിയിരിക്കുന്നത്. ഒറിജിനൽ ബില്ല് ഹാജരാക്കാത്തതിനാൽ മേൽപ്രകാരം സാധനങ്ങൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോയെന്നതിന് വ്യക്തതയില്ല. വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കിയ കണക്കിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിരിക്കുന്നത്. ഈ കണക്കുകളിൽ എന്ന്, എപ്രകാരമുള്ള പണി നടത്തിയെന്നോ വ്യക്തമാക്കുന്നില്ല. കുറെ ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ മാത്രമാണ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

3). കെ.എസ്. ഇ.ബി.യിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ആകെ 2254 തെരുവു വിളക്കുകളാണ് പഞ്ചായത്തിലുള്ളത്. ഇത്രയുംതന്നെ തെരുവുവിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിനാണ് പദ്ധതി അടങ്കൽ നിശ്ചയിച്ച് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. വാറന്റിയുള്ള സാധനങ്ങൾ ഉപയോഗിക്കുന്നതിനാൽ മുഴുവൻ തെരുവുവിളക്കുകൾക്കും ഓരോ വർഷവും മെയിന്റനൻസ് ആവശ്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്.

4). പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ് എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ഖ.2 നുള്ള കുറിപ്പ് (ഇ)നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ തീയതി, പരാതി അറിയിച്ച സമയം, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നം. ഉൾപ്പെടെ) എന്നീ

വിവരങ്ങൾ ഉണ്ടാകണം. ഈ വിവരങ്ങളടങ്ങിയ പരാതി രജിസ്റ്റർ ഹാജരാക്കിയില്ല.

5). കരാറുകാരനുമായുള്ള ഉടമ്പടി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല.

6). 07.11.2017 ലെ 177/ഡി.എ.3/2016/തസ്വഭവ നം സർക്കുലറിൽ തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങളുണ്ട്.

എ) എ.എം.സി യിൽ പ്രവൃത്തി പൂർത്തീകരിച്ച തുകക്കുള്ള ബിൽ ഹാജരാക്കുന്ന മുറക്ക് ബിൽ തുകയിൽ 10% റിട്ടെൻഷൻ കിഴിച്ചുള്ള തുക അനുവദിക്കേണ്ടതാണ്.

ബി) തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്റ്റ് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും പ്രവൃത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

സി) കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷുറൻസ് കമ്പനിയുമായി ധാരണയിൽ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷുറൻസ് രേഖയും ഹാജരാക്കേണ്ടതുമാണ്.

ഒന്നാം പാർട്ട് ബിൽ അനുവദിച്ചത് മാർച്ച് 2018 ലായിട്ടും മേൽ സർക്കുലറിലെ നിർദ്ദേശപ്രകാരം ബില്ലിൽ നിന്നും റിട്ടെൻഷൻ പിടിച്ചതായി കാണുന്നില്ല.

സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കാത്തതിനാലും അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാകാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച 669786/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അറ്റകുറ്റപ്പണി സംബന്ധിച്ച് വിലയിരുത്തൽ നടത്താതെ കരാറുകാരൻ നല്കുന്ന തെറ്റായ കണക്കുകൾ വാർഡ് മെമ്പർമാർ അംഗീകരിച്ചു നല്കുക വഴി പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗത്തിനുള്ള അവസരം കൂടി സൃഷ്ടിക്കുകയാണ് ചെയ്യുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 യുവജനങ്ങൾക്ക് ഇരുചക്രവാഹനം-പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | എസ്.0.221/17-18 |
| പ്രോജക്റ്റിന്റെ പേര് | യുവജനങ്ങൾക്ക് ഇരുചക്രവാഹനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | 90,000/-(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക | 90,000/-(ബിൽ നം 31/23.02.2018-60000 36/24.03.18-30000) |

പട്ടികജാതി യുവജനങ്ങൾക്ക് ഇരുചക്രവാഹനം നൽകുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്റ്റിൽ തൻവർഷം 90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇരുചക്രവാഹനവിലയുടെ 33 1/3% വിലയോ പരമാവധി 30000/- രൂപയോ ആണ് സബ്സിഡി നൽകാവുന്നത്. എന്നാൽ വാഹനവില കണക്കിലെടുക്കാതെ 30,000/-രൂപ വീതമാണ് സബ്സിഡി നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാഹന മോഡൽ | ആകെ വില | വാഹനം വാങ്ങിയ സ്ഥാപനം | അനുവദിക്കാവുന്ന സബ്സിഡി 33 1/3 % | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ജയരാജ് കെ.സി | ഹോണ്ട-ഡിയോ | 53452 | ആര്യഭംഗി ഹോണ്ട-ആലുവ | 17817 | 30000 | 12183 |
| ശ്യാംപ്രസാദ് s/o ശിവപ്രസാദ് | ഹോണ്ട-ഡിയോ | 53452 | ആര്യഭംഗി ഹോണ്ട-ആലുവ | 17817 | 30000 | 12183 |
| ഷിനിൽ എം വി | ഹീറോ-ഡ്യൂയറ്റ് | 51900 | മെഗാ മോട്ടോഴ്സ് ആലുവ | 17300 | 30000 | 12700 |
| ആകെ | | | | 52934 | 90000 | 37066 |

മേൽപ്രകാരം അധികം സബ്സിഡി അനുവദിച്ചതിന് വിശദീകരണത്തിനും പട്ടികജാതി വികസനവകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുകയായ 37066/-രൂപ ഉത്തരവാദിയായരിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 3-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭ്യമായ തുക വിനിയോഗിച്ചില്ല

2017-18 വാർഷികകണക്ക് പ്രകാരം 320200305-grants,funds & contributions for specific purposes എന്ന ഹെഡിൽ 11,42,500/-രൂപ നീക്കിയിരിപ്പുണ്ട്. ലെഡ്ജർ പ്രകാരം മാർച്ച് 2014 നാണ് ഫണ്ട് ലഭിച്ചിട്ടുള്ളത്. തുക തനത് ഫണ്ട് അക്കൗണ്ടിൽ (ജില്ലാ സഹകരണ ബാങ്ക് ആലുവ) നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക എന്താവശ്യത്തിന് ലഭ്യമായതാണ് , 2014 ൽ ലഭ്യമായ ഫണ്ട് നാളിതുവരെയായിട്ടും ചെലവഴിക്കാതിരുന്നത് എന്തുകൊണ്ട് തുടങ്ങിയ വിവരങ്ങൾക്കായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 5/23.11.2018). 2009-10 ൽ ഇ.എം.എസ് ഭവനപദ്ധതിക്ക് ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ചതിൽ ചെലവഴിക്കാത്ത 9,25,000/-രൂപ വി.ഇ.ഒ 29/3/14 ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതും, ആശ്രയ എസ് .സി പ്രോജക്റ്റിന്റെ ജില്ലാപഞ്ചായത്ത് വിഹിതമായ 2,17,500/-രൂപ കുടുംബശ്രീ സി.ഡി.എസ് 31.03.2014 ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതും ഉൾപ്പെടെയുള്ള തുകയാണ് ഈ ഹെഡിൽ നീക്കിയിരിപ്പുള്ളതെന്നാണ് മറുപടി നല്കിയത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുക പ്രസ്തുത ആവശ്യത്തിന് യഥാസമയം ചെലവഴിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇ.എം.എസ് ഭവനപദ്ധതിയുടെ ചെലവഴിക്കാത്ത തുകയായ 9,25,000/- രൂപ സർക്കാർ അനുമതിയോടെ ലൈഫ് ഭവനപദ്ധതിയിലേക്ക് വകമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആശ്രയഫണ്ട് ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-5 എം.ജി.എൻ.ആർ.ഇ.ജി.എസ് .പ്രവർത്തനങ്ങൾ - അവലോകനം

തൊഴിൽ കാർഡുകൾ ഉള്ള 2159 തൊഴിലാളികളും, സജീവ തൊഴിലാളികൾ 658 പേരും ആണ് ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉള്ളത്. തൻവർഷം 18607 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. 100 ദിവസം പൂർത്തിയാക്കിയത് 27 കുടുംബങ്ങളാണ്. 6699677.6/- രൂപയാണ് ആകെ ചെലവഴിച്ചത്. ഫാം കുളം നിർമ്മാണം, തരിശു ഭൂമി കൃഷി യോഗ്യമാക്കൽ (ഷെഡ്യൂൾ1, ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക്) നഴ്സറി നിർമ്മാണം, തീറ്റ പുൽകൃഷി, വിവിധ റോഡുകളിലും, പൊതു ഭൂമികളിലും മരം വെച്ചു പിടിപ്പിക്കൽ, തോടിന് കയർ ഭൂവസ്ത്രം, ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം, കിണർ നിർമ്മാണം എന്നീ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്. ഗ്രാമീണമേഖലയിൽ 18607 തൊഴിൽ ദിനങ്ങൾക്കായി വിദഗ്ദ തൊഴിലാളികൾക്ക് 560800/-രൂപയും, അവിദഗ്ദ തൊഴിലാളികൾക്ക് 5046157/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ 180 ഹെക്ടറോളം കൃഷിയോഗ്യമായ തരിശുഭൂമി പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും, ഇതിൽ കൃഷി ചെയ്യാനുതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയില്ല. 861575/ രൂപ ചെലവഴിച്ച് നഴ്സറി നിർമ്മാണം നടത്തിയെങ്കിലും ഗ്രോബാഗുകളിൽ നട്ടുപിടിപ്പിച്ച വൃക്ഷതൈകൾ വിതരണം ചെയ്യുകയോ, പൊതുസ്ഥലങ്ങളിൽ നട്ടുപിടിപ്പിക്കുകയോ ചെയ്തില്ല. വൃക്ഷതൈകൾ എന്തു ചെയ്യണം എന്ന വ്യക്തമായ നിർദ്ദേശം ലഭിച്ചില്ല എന്നതാണ് കാരണം എന്ന മറുപടിയാണ് ലഭിച്ചത്. ഗ്രാമീണമേഖലയിലെ തൊഴിൽ ഉറപ്പാക്കുക എന്ന ഉദ്ദേശ്യം സാർത്ഥകമാക്കുക എന്നതോടൊപ്പം നടപ്പിലാക്കുന്ന പ്രവൃത്തികൾ വൃഥാവിലാകുന്നില്ല എന്നുകൂടി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 മരങ്ങൾ വെട്ടുന്നതിനുള്ള കൂലി-ലഭ്യമായ തടിയുടെ വിനിയോഗം ഉറപ്പുവരുത്തണം

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അപകടാവസ്ഥയിൽ നിന്ന മരങ്ങൾ വെട്ടുന്നതിനുള്ള കൂലിയായി തൻവർഷം 28,500/-രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തടിയോ വിറകോ വിൽപനയിലൂടെ ഒരു വരുമാനവും പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

| വൗച്ചർ നം, തീയതി | ചെലവഴിച്ച തുക | മരം നിന്നിരുന്ന പ്രദേശം |
|---|---|---|
| 21700033/18.04.17 | 3500 | 2ാം വാർഡ് -തോട്ടുംമുഖം കവല |

| | | |
|---|---|---|
| 21700199/02.06.17 | 5000 | കീഴ്മാട് യു.പി.സ്കൂൾ |
| 21700265/04.07.17 | 6000 | 14ാം വാർഡ് |
| 21700735/13.12.17 | 14000 | 12ാം വാർഡ് ശ്രീനാരായണഗിരി ലൈബ്രറിക്ക് സമീപം |
| ആകെ | 28500 | |

ലഭ്യമായ തടിയുടെ വിനിയോഗം സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 08/23.11.18) ലേലം ചെയ്യത്തക്ക വിധം വലിപ്പവും ഗുണമേൻമയും ഉള്ള തടികളായിരുന്നില്ല വെട്ടിമാറ്റിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. 28500/- രൂപ മരം വെട്ടുന്നതിന് ചെലവഴിച്ചിട്ടും വരുമാനമായി ഒന്നും ലഭിച്ചില്ലെന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവുകളിൽ മിതത്വം പാലിക്കുവാനും പഞ്ചായത്തിന് വരുമാന നഷ്ടം ഒഴിവാക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 എ ബി സി പ്രോഗ്രാം 2017-18

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എ ബി സി പ്രോഗ്രാം 2017-18 |
| പ്രോജക്ട് നം | S0226/18 |
| അടങ്കൽ | 1,00,000/- (തനത് ഫണ്ട്) |
| ചെലവ് | 1,00,000/- |
| വൌച്ചർ നമ്പർ/ തീയതി | 21700651/17-18 23.11.2017 |

വെറ്റിനറി സർജൻ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ ഒരു തെരുവ് നായയെ വന്ധ്യംകരിക്കുന്നതിന് പരിപാലനം, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവയുൾപ്പെടെ 2100/- രൂപ നിരക്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറണമെന്നും ഇതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തെരുവ് നായകളുടെ കൃത്യമായ വിവരം മിഷനിൽ ലഭ്യമാക്കേണ്ടതുമാണെന്നാണ് കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്ററും, പഞ്ചായത്ത് സെക്രട്ടറിയും ഒപ്പ് വച്ചിരിക്കുന്ന കരാറിലെ വ്യവസ്ഥ. 23.11.2017 ൽ വൌച്ചർ നമ്പർ 21700651 പ്രകാരം 1,00,000/- രൂപ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. 07.06.2018 ൽ കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ട് പ്രകാരം 49 തെരുവ് നായകളെ വന്ധ്യംകരണം നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് തെരുവ് നായകളുടെ എണ്ണം കണക്കാക്കി കുടുംബശ്രീയെ അറിയിച്ചിട്ടില്ല. അതിനാൽ തന്നെ കുടുംബശ്രീയിൽ നിന്നും

ലഭ്യമാക്കിയിരിക്കുന്ന കണക്കിന്റെ ആധികാരികത വ്യക്തമല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കരാർ വ്യവസ്ഥകളും പാലിച്ച് സുതാര്യമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ

| | |
|---|---|
| പ്രോജക്റ്റ് നം. | S0085/18 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| അടങ്കൽ | 1,80,000/-(എസ് സി പി) |
| ചെലവ് | 1,15,232/- |
| ബിൽ നമ്പർ | 6/17-18 തീയതി 27.03.2018 - |

ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ പി സ്കൂൾ, കീഴ്മാട് നിർവ്വഹണോദ്യോഗസ്ഥയായ ഈ പ്രോജക്റ്റിൽ മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പിള്ളി എന്ന സ്ഥാപനത്തിൽ നിന്നും ആൺകുട്ടികൾക്ക് 4149 രൂപ വില വരുന്ന അറ്റ് ലസ് കമ്പനിയുടെ 20 സൈക്കിളുകളും, പെൺകുട്ടികൾക്ക് 4019 രൂപ വില വരുന്ന ബി എസ് എ ലേഡിബേഡ് സൈക്കിളുകൾ 8 എണ്ണവും വാങ്ങി നൽകിട്ടുണ്ട്. പദ്ധതിയ്ക്ക് ലഭിച്ച ടെൻഡറുകൾ പരിശോധിച്ചതിൽ ആൺകുട്ടികളുടെ സൈക്കിളുകൾക്ക് ഐ എസ് ഒ സർട്ടിഫിക്കേഷനോടുകൂടിയ ഹെർക്കുലീസ് റോക്കി സൈക്കിൾ 3739/-രൂപയ്ക്കും, ഹീറോ കമ്പനിയുടെ സൈക്കിൾ 3644/-രൂപയ്ക്കും ലഭ്യമായിരുന്നുവെന്ന് കാണുന്നു. ഐ എസ് ഒ സ്രട്ടിഫിക്കേഷനോട് കൂടിയ ഈ മുൻനിര ബ്രാൻഡ് സൈക്കിളുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമായിരുന്നിട്ടും ഉയർന്ന വിലയ്ക്ക് അറ്റ് ലസ് കമ്പനിയുടെ സൈക്കിളിനാണ് ഗുണമേന്മ കൂടുതൽ എന്നും കൂടുതൽ കാലം ഉപയോഗിക്കാവുന്നത് എന്നും രേഖപ്പെടുത്തി വാങ്ങുന്നതിന് പർച്ചേസ് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. ഏത് അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഗുണമേന്മ വിലയിരുത്തിയത് എന്ന് വ്യക്തമല്ല. ടെൻഡർ സമർപ്പിച്ച മറ്റൊരു സ്ഥാപനമായ 'ദ സൈക്കിൾ ആൻഡ് മോട്ടർ ട്രേഡേഴ്സ്" എന്ന സ്ഥാപനം ആൺകുട്ടികളുടെ ഹീറോ സൈക്കിളിന് 3624/-രൂപയാണ് രേഖപ്പെടുത്തിയിരുന്നത്. പൊതുപ്പണം ഉപയോഗിച്ച് നടത്തുന്ന വാങ്ങലുകൾ സുതാര്യമായിരിക്കുവാൻ പർച്ചേസ് കമ്മിറ്റികൾ ശ്രദ്ധ പുലർത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-9 പ്രഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | S0083/18 |
| പ്രോജക്ടിന്റെ പേര് | പ്രഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| അടങ്കൽ | 4,50,000/-( എസ് സി പി) |
| ചെലവ് | 4,47,000/- |
| ബിൽ നമ്പർ | 03/17-18 തീയതി 17.02.2018 |

ഹെഡ് മിസ്ട്രസ്സ്, ഗവൺമെന്റ് എൽ പി സ്കൂൾ, കീഴ്മാട് നിർവഹണോദ്യോഗസ്ഥയായ ഈ പ്രോജക്ടിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

സുമേഷ് കെ എസ്, മനയ്ക്കക്കാട്, തോട്ടുമുഖം എന്ന വിദ്യാർത്ഥി ക്വീൻ മദേഴ്സ് കോളേജ്, ആലുവ എന്ന സ്ഥാപനത്തിൽ 2014-15 അധ്യയന വർഷത്തിൽ ബി കോം (സൺഡേ ബാച്ച്) ഒന്നാം വർഷ വിദ്യാർത്ഥി ആയിരുന്നതിന്റെ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. അങ്ങനെയെങ്കിൽ 2016-17 ൽ കോഴ്സ് പൂർത്തിയാകുന്നതും 2017-18 ൽ ആനുകൂല്യത്തിന് അർഹത ഇല്ലാത്തതുമാണ്. 2017-18 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (എം എസ്) നമ്പർ 80/2017 തസ്വ ഭ വ, തീയതി 03.04.2017 പ്രകാരം പാരലൽ കോളേജ് വിദ്യാർത്ഥികൾ സ്വവ്വകലാശാലാ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യം നൽകാവൂ. എന്നാൽ ഈ വിദ്യാർത്ഥി ഹാജരാക്കിയ രജിസ്ട്രേഷൻ രേഖകൾ 2016-17 വർഷത്തേതാണ്. ഇത് സംബന്ധിച്ച് നൽകിയ 26.11.2018ലെ 13ാം നമ്പർ എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാഹനാപകടവും ശാരീരിക അസ്വസ്ഥതകളും മൂലം 2016-17 വർഷത്തെ രജിസ്ട്രേഷൻ രേഖകളാണ് ഹാജരാക്കിയത് എന്നാണ്. 2017-18 വർഷത്തെ സർവ്വകലാശാലാ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ഒരു ലാപ് ടോപിന് ചെലവഴിച്ച തുക 29800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-10 കുടുംബശ്രീ തൊഴിൽസംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

| | |
|---|---|
| പ്രോജക്റ്റ് നം | S0038/18 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കുടുംബശ്രീ തൊഴിൽസംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | 2,00,000/-(വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ | 94/17-18 തീയതി 24.03.2018 തുക 60,000/-<br>95/17-18 തീയതി 24.03.2018 തുക 20,000/-<br>96/17-18 തീയതി 24.03.2018 തുക 10,000/-<br>97/17-18 തീയതി 24.03.2018 തുക 10,000/- |

വി ഇ ഒ, കുട്ടമശ്ശേരി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ 10 കുടുംബശ്രീ യൂണിറ്റുകൾക്ക് 10,000/-രൂപ വീതം ആകെ 1,00,000/-രൂപ റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. 70,000/- രൂപ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ ആലുവ ശാഖയിലേക്കും (അക്കൗണ്ട് നമ്പർ 3523629171) 30,000/-രൂപ കാനറ ബാങ്കിന്റെ ചൂണങ്ങംവേലി ബ്രാഞ്ചിലേക്കും (അക്കൗണ്ട് നമ്പർ 5653295000001) ആണ് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുള്ളത്. എന്നാൽ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിലേക്ക് 24.03.2018 ൽ ട്രാൻസ്ഫർ ചെയ്ത തുക 70,000/- രൂപ നാളിതുവരെ ശാഖയിൽ ലഭിച്ചിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. ട്രാൻസ്ഫർ ചെയ്ത തുക ബാങ്കിൽ ലഭിച്ചില്ല എന്നത് വളരെ ലാഘവത്തോടെയാണ് നിർവ്വഹണോദ്യോഗസ്ഥൻ കൈകാര്യം ചെയ്തത്. ഈ വിഷയം സെക്രട്ടറി, ബന്ധപ്പെട്ട സ്ററാൻഡിംഗ് കമ്മറ്റി എന്നിവരെ ഇതുവരെ അറിയിച്ചിട്ടില്ല. ട്രാൻസ്ഫർ ചെയ്ത തുകയെക്കുറിച്ച് ട്രഷറിയിൽ അന്വേഷിച്ചിട്ടില്ല. തുക ലഭിക്കാത്ത കുടുംബശ്രീ യൂണിറ്റുകളും ഇക്കാര്യത്തിൽ പരാതി നൽകിയിട്ടില്ല. ട്രഷറിയിൽ നിന്നും മാർച്ച് 2018 ൽ ട്രാൻസ്ഫർ ചെയ്ത തുക 8 മാസങ്ങൾക്ക് ശേഷവും ബാങ്കിൽ ലഭിച്ചിട്ടില്ല എന്നത് ഗുരുതരമായ ഒരു വീഴ്ചയാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കാനറ ബാങ്കിൽ ലഭ്യമായ തുകയുടെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ നിലവിൽ എന്ത് തൊഴിൽ സംരംഭത്തിലാണ് ഏർപ്പെട്ടിരിക്കുന്നതെന്നോ, ഈ സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുവെന്നതിന്റെ രേഖകളോ ഒന്നും ലഭ്യമല്ല. 6 മാസമെങ്കിലും വിജയകരമായി പ്രവർത്തിച്ചുവരുന്ന യൂണിറ്റുകൾക്ക് മാത്രമേ റിവോൾവിംഗ് ഫണ്ടിന് അർഹതയുള്ളൂ എന്നിരിക്കെ ഇക്കാര്യങ്ങളൊന്നും ഉറപ്പ് വരുത്താതെ പ്ലാൻ ഫണ്ട് കുടുംബശ്രീ സംരംഭങ്ങൾക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ 29.11.2018 ലെ 22-ാം നമ്പർ

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. 30,000/-രൂപ കാനറ ബാങ്കിന്റെ ചുണങ്ങംവേലി ബ്രാഞ്ചിലേക്ക് (അക്കൗണ്ട് നമ്പർ 5653295000001) ട്രാൻസ്ഫർ ചെയ്തെങ്കിലും കുടുംബശ്രീ യൂണിറ്റുകൾക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. റിവോൾവിംഗ് ഫണ്ട് കാര്യക്ഷമമായി വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിലുള്ള 1,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ട് തുക അർഹരായ കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന വിഷയത്തിൽ സി ഡി എസിന്റെ മെമ്പർ സെക്രട്ടറിയായ അസിസ്റ്റന്റ് സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-11 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്- ആനുകൂല്യം മുഴുവൻ നൽകുന്നില്ല

പ്രൊജക്ട് : ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.-

പ്രൊജക്ട് നം : 13/18

ചെലവഴിച്ച തുക : 16,00,000 രൂപ (10,00,000 – വികസന ഫണ്ട്, 3,00,000 – ബ്ളോക്ക് വിഹിതം, 3,00,000 – ജില്ലാ പഞ്ചായത്ത് വിഹിതം).

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 114 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ്. അർഹതയുള്ള മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് 16900/- രൂപ മാത്രമാണ് 2017-18 ൽ മേൽ പ്രൊജക്ടുകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. ലഭിക്കേണ്ടിയിരുന്നതിന്റെ 60 ശതമാനം മാത്രമാണ് ലഭിച്ചത്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ഇത്തരത്തിൽ ലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ ആകെ 2276700 രൂപ ആവശ്യമായിരുന്നെങ്കിലും 16,00,000/-രൂപ മാത്രമാണ് വകയിരുത്തിയത്. ഭിന്നശേഷി ക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് ആവശ്യമായത്ര തുക വകയിരുത്തുന്നു എന്ന കാര്യം ഉറപ്പ

വരുത്തേണ്ടതാണ്.

## 3-12 പാലിന് സബ്സിഡി-ഫണ്ടിന്റെ അപര്യാപ്തത

| | |
|---|---|
| പ്രൊജക്ട് | ക്ഷീര കർഷകർക്ക് സബ്സിഡി. |
| പ്രൊജക്ട് നം : | എസ്. 55/17-18 |
| ചെലവഴിച്ച തുക | 352000 രൂപ (2,00,000/- പൊതുവിഭാഗം സാധാരണ ഫണ്ട്, 1,52,000/- – ബ്ളോക്ക് പഞ്ചായത്ത് വിഹിതം |

കീഴ്മാട് ഗ്രാമപഞ്ചായത്തിൽ 2017 -18 സാമ്പത്തിക വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണംനടത്തിയ പ്രോജക്ടിൽ ക്ഷീരസംഘങ്ങളിൽ പാൽ നൽകിയവർക്ക് പാലിന് സബ്സിഡി നൽകിയിരുന്നു. ടി പ്രൊജക്ടിൽ ഗുണഭോക്താക്കളെ വീണ്ടും ഉൾപ്പെടുത്തിക്കൊണ്ടുള്ള അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് 26.12.2017 ലെ പഞ്ചായത്ത് കമ്മിറ്റി 3-ാം നമ്പർ തീരുമാന പ്രകാരം ചേർത്തിട്ടുണ്ട്. ടി കമ്മറ്റി തീരുമാനത്തിൽപറയുന്നത് ജനകീയാസൂത്രണം 2017-18 വർഷത്തെ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അർഹരായ പലരും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഗ്രാമസഭ അംഗീകരിച്ച അർഹരായവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള അഡീഷണൽ ലിസ്റ്റ് നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നു എന്നാണ്. അർഹരായവർ ആദ്യ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതിൻെറ കാരണം വ്യക്തമാക്കുവാൻ ഓഡിററ് എൻക്വയറി നം.10 തീയതി 24.11.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നൽകിയ മറുപടിയിൽ ഗ്രാമസഭ കൂടുന്ന സമയത്ത് സംഘങ്ങളിൽ പാൽ അളക്കാത്തവരും പിന്നീട് പദ്ധതി കാലയളവിൽ തന്നെ പാൽ അളന്നവരുമായ കർഷകരെയാണ് അഡീഷണൽ ലിസ്റ്റിൽ ചേർത്തത് എന്ന് വ്യക്തമാക്കി.

പഞ്ചായത്തിൽ 3 ക്ഷീരസംഘങ്ങളിലായി പാലളക്കുന്ന 80 ക്ഷീരകർഷകർക്കാണ് 2017-18 ൽ സബ്സിഡി നൽകിയിരിക്കുന്നത്. വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപയാണ് നിലവിൽ സബ്സിഡി അനുവദിക്കാവുന്നത്. ആവശ്യത്തിന് ഫണ്ട് അനുവദിക്കാത്തതിനാൽ 2017 ജൂൺ, ജൂലൈ മാസങ്ങളിൽ 3 രൂപ വീതം മാത്രമാണ് സബ്സിഡി അനുവദിച്ചത്. ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ മാത്രമാണ് 4 രൂപ വീതം സബ്സിഡി നൽകുവാൻ കഴിഞ്ഞത്. ഡിസംബറിൽ 2.70 രൂപ വീതം മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. അതിനുശേഷമുള്ള കാലയളവിൽ സബ്സിഡിയൊന്നും തന്നെ നൽകാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം സാധിച്ചിട്ടില്ല. കാലിത്തീറ്റയുടെ

അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും മൂലം ക്ഷീരകർഷകർ രംഗം വിടുന്ന അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. പ്രോജക്ട് തയ്യാറാക്കുമ്പോൾ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന അർഹരായ മുഴുവൻ കർഷകരെയും ഉൾപ്പെടുത്തുവാനും സബ്സിഡി തുക മുഴുവൻ നൽകുവാനും ആവശ്യത്തിന് ഫണ്ട് ഇതിലേക്കായി വകയിരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ-3 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല

കീഴ്മാട് ഗ്രാമപഞ്ചായത്തിൽ ആകെ 36 അങ്കണവാടികൾ ആണ് ഉള്ളത്. ഇതിൽ 18 എണ്ണം സ്വന്തം കെട്ടിടത്തിലും, 16 എണ്ണം വാടക കെട്ടിടത്തിലും വാടകേതര കെട്ടിടത്തിൽ 2 എണ്ണവും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ 3 അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന 3 അങ്കണവാടികൾ ചുറ്റുമതിൽ ഇല്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

<u>വാർഡ് 5/ അങ്കണവാടി നമ്പർ 27</u>

നല്ല രീതിയിൽ പണി തീർത്ത കെട്ടിടം സ്വന്തമായി ഉണ്ടെങ്കിലും നാളിതുവരെ അങ്കണവാടിക്ക് ചുറ്റുമതിൽ പണിതിട്ടില്ല. കെട്ടിടത്തിന് മുകളിൽ ഷീറ്റ് ഉപയോഗിച്ച് ട്രസ്സ് വർക്ക് ചെയ്ത് ഗോവണിയും പണി തീർത്തിട്ടുണ്ട്. കെട്ടിടത്തിന് മുകളിലേക്ക് സാമൂഹ്യ വിരുദ്ധർ പ്രവേശിക്കുന്നതിനാൽ, മറ്റൊരു പ്രൊജക്റ്റിന്റെ ഭാഗമായി ഗോവണി ഗ്രിൽ വെച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്ന് ജീവനക്കാർ അറിയിച്ചെങ്കിലും നിലവിൽ ഇവിടം ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. ചുറ്റുമതിൽ പണി തീർക്കുവാൻ ഉള്ള സ്ഥല സൗകര്യം ലഭ്യമാണെങ്കിലും സ്ഥലവാസികൾ ഈ സ്ഥലം വാഹനം തിരിക്കുന്നതിനും മറ്റുമായി ഉപയോഗിച്ചു വരുന്നതിനാൽ മതിൽ നിർമ്മാണത്തെ എതിർക്കുന്നുവെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്.

<u>വാർഡ് 7/ അങ്കണവാടി നമ്പർ 30</u>

98-99 വർഷം പണി തീർത്ത കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിക്കുന്നത്. കെട്ടിടത്തിന് ചുറ്റുമതിൽ പണിതിട്ടില്ല. അടുക്കളയോട് ചേർന്ന് തന്നെ ടോയ് ലെറ്റ് നിർമ്മിച്ചിരിക്കുന്നത് തികച്ചും അനാരോഗ്യകരമാണ്. വളരെ പരിമിതമായ അടിസ്ഥാന സൗകര്യം മാത്രമാണ് കെട്ടിടത്തിനുള്ളിൽ ഉള്ളത്. ചുറ്റുമതിൽ

പണിയുന്നതിന് ഉള്ള സ്ഥല സൗകര്യം കെട്ടിടത്തിന് മുൻവശം ലഭ്യമാണെങ്കിലും ഇവിടെയും സ്ഥലവാസികളുടെ എതിർപ്പ് മതിൽ പണിയുന്നതിന് തടസ്സമാണെന്നാണ് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടത്.

<u>വാർഡ് 11/അങ്കണവാടി നമ്പർ 36</u>

സർക്കാരിന്റെ റവന്യൂ പുറമ്പോക്കായിരുന്ന സ്ഥലത്താണ് അങ്കണവാടി കെട്ടിടം പണി തീർത്തിരിക്കുന്നത്. പരിസരം മുഴുവൻ ആൾ താമസം കുറവായ സ്ഥലമായതിനാൽ സമീപം മലമ്പാമ്പ് ഉൾപ്പെടെയുള്ള വന്യ ജീവികൾ ഉള്ള കാട് ആണ്. അങ്കണവാടിയുടെ ഒരു വശം കുത്തനെയുള്ള കൽക്കെട്ടാണ്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ കുട്ടികളെ പുറത്ത് ഇറക്കുന്നതിനോ, കളിക്കാൻ അനുവദിക്കുന്നതിനോ സാദ്ധ്യമല്ല. അങ്കണവാടി കെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് ഗ്ലാസ്സ് കൊണ്ട് മറച്ച് ഒരു ഹാളിനുള്ള സൗകര്യം ഒരുക്കിയിട്ടുങ്കിലും ഇത് ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. കുടുംബശ്രീ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി നടത്തിയ ഈ നിർമ്മാണം നിലവിൽ പാഴ്ച്ചെലവായി അവശേഷിച്ചിരിക്കുകയാണ്.

മേല്പറഞ്ഞ മൂന്ന് അങ്കണവാടികൾക്കും ചുറ്റുമതിൽ പണിയുന്നതിന് സ്ഥലസൗകര്യം ലഭ്യമാണ്. മറ്റ് അങ്കണവാടികൾക്കും ഭൗതിക സൗകര്യങ്ങളും സുരക്ഷയും ഉറപ്പു വരുത്തുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-14 <u>ഒറ്റക്കുഴി കക്കൂസ് സെപ്റ്റിക് ടാങ്ക് ആക്കൽ പദ്ധതി</u>

| | |
|---|---|
| പ്രോജക്ട് നം. | S0197/18 |
| പ്രോജക്ടിന്റെ പേര് | ഒറ്റക്കുഴി കക്കൂസ് സെപ്റ്റിക് ടാങ്ക് ആക്കൽ |
| അടങ്കൽ | 1,52,000/-( തനത് ഫണ്ട്) |
| ചെലവ് | 40,000/- |
| ബിൽ നമ്പർ | 1/17-18 തീയതി തുക 32,000/-<br>2/17-18 തീയതി തുക8000/- |

വി ഇ ഒ, എടയപ്പുറം നിർവ്വഹണോദ്യോഗസ്ഥയായ മേൽ പ്രോജക്ടിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 23.03.2017 ലെ യോഗത്തിലാണ് അനുമതി നൽകിയിട്ടുള്ളത്. സെപ്റ്റിക് ടാങ്ക് തന്നെയാണ് പണിയുന്നതെന്ന് ശുചിത്വ മിഷൻ ജില്ലാ ഓഫീസർ ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെയാണ് പ്രോജക്ടിന് അനുമതി

നൽകിയിട്ടുള്ളത്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു ഇടപെടലും ശുചിത്വ മിഷനിൽ നിന്നും ഉണ്ടാവുകയോ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 28.11.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. ശുചിത്വ മിഷനിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 കോഴി വളർത്തൽ-സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | S0203/18 |
| പ്രോജക്ടിന്റെ പേര് | കോഴി വളർത്തൽ |
| അടങ്കൽ | 2,12,000/-(106000/-വികസന ഫണ്ട് സാധാരണ വിഹിതം 106000/-മറ്റുള്ളവ |
| ചെലവ് | 2,12,000/- |
| ബിൽ നമ്പർ | 10/17-18 തീയതി 15.02.2018 |
| നിർവഹണം | വെറ്റിനറി സർജൻ |

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (എം എസ്) നമ്പർ 80/2017 തസ്വ ഭ വ, തീയതി 03.04.2017 ഖണ്ഡിക 2.15 പ്രകാരം സർക്കാർ/ അർദ്ധസർക്കാർ/ എയ്ഡഡ്/ സഹകരണ സ്ഥാപനങ്ങൾ,പൊതുമേഖല എന്നിവയിലെ ജീവനക്കാർ, പെൻഷണർ /ഫാമിലി പെൻഷണർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം എന്നിവർക്ക് സബ്സിഡിക്ക് അർഹതയില്ലാത്തതാണ്. മേൽ ഉത്തരവ് പാലിക്കാതെ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുണ്ട്.

| പേര്, വിലാസം | റേഷൻകാർഡ് നമ്പർ | കുറിപ്പ് |
|---|---|---|
| സബിത അമീർ,<br>അമ്പലത്ത് വീട്, അശോകപുരം | 1736063553 | ഭർത്താവ് അമീറിന്റെ തൊഴിൽ സംസ്ഥാന സർക്കാർ ജീവനം |
| ജാൻസി<br>കണിയൊടിക്കൽ,ചുണങ്ങംവേലി | 1736063553 | തൊഴിൽ പൊതുമേഖല |

| | | |
|---|---|---|
| പി പി സാജിത അമ്പാട്ടകത്തുട്ട് ഹൗസ്, ആലുവ | 1736077021 | ഭർത്താവ് അബ്ദുള്ളയുടെ തൊഴിൽ സംസ്ഥാന സർക്കാർ ജീവനം |

പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ പുറപ്പെടുവിക്കുന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-16 ജീവിതശൈലീരോഗനിർണയ ഉപകരണങ്ങൾ വാങ്ങി മാസങ്ങൾക്കുശേഷവും ഉപയോഗം തുടങ്ങിയിട്ടില്ല.

കീഴ്മാട് ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവഹണം നടത്തിയ പ്രൊജക്ട് നം.S0072/18, കുടുംബശ്രീയൂണിറ്റുകൾക്ക് ജീവിതശൈലീ രോഗനിർണ്ണയത്തിനുള്ള ഉപകരണങ്ങൾ വിതരണം നടത്തി വീടുകൾ സന്ദർശിച്ച് രോഗനിർണ്ണയം നടത്തുന്നതിനായാണ് വിഭാവനം ചെയ്തിരുന്നത്. 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതിക്കായി ആകെ 2,05,813/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.14/17-18 /21-3-18) 16.03.2018 ലെ ഇൻവോയ്സ്.നം. Groo1046 പ്രകാരം cholestrol monoto (cholestrol digital monitor) 10 എണ്ണം, Cholestrol strip 43 എണ്ണം (എക്സ്പെയറി ഡേറ്റ് 12/19) എന്നിവ പെരുമ്പാവൂർ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതേ പ്രൊജക്ടിലെ മറ്റ് ഉപകരണങ്ങൾ 12.06.18, 4.7.18, 18.8.18, 18.9.18, 26.10.18 എന്നീ തീയതികളിലായാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇവ ഉപയോഗിച്ച് രോഗനിർണ്ണയം നടത്തിയതിന്റെ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. 5.11.2018 ൽ 10 വനിതകൾക്ക് രോഗനിർണ്ണയ പരിശീലനം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഉപകരണങ്ങൾ ഉപയോഗിച്ച് രോഗനിർണ്ണയം നടത്തി പ്രൊജക്ടിന്റെ പ്രയോജനം ലഭ്യമാക്കുവാൻ കാലതാമസം വരുന്നതിനുള്ള കാരണം വ്യക്തമാക്കുവാനും 16.03.2018 ൽ വാങ്ങിയ ഉപകരണങ്ങൾ 12/19 ന് കാലാവധി കഴിയുന്നതിനാൽ ഇനി ഒരു വർഷത്തേക്ക് കൂടി മാത്രമേ ഉപയോഗയോഗ്യമായിരിക്കു എന്നിരിക്കേ കഴിഞ്ഞ 8 മാസത്തോളം ആയവ ഉപയോഗിക്കാതെ വച്ചിരുന്നതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 27.11.2018 ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ 28.11.2018ൽ മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ 26.10.2018ൽ മാത്രമാണ് അവസാന ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമായതെന്നും എല്ലാ ഉപകരണങ്ങളും ഒരേ സമയം സൗകര്യപ്രദമായി ഉപയോഗിക്കുന്നതിനു വേണ്ടിയാണ് വിതരണം നടത്താതിരുന്നതെന്നും

വിശദീകരിച്ചു. 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയവും 2018 മാർച്ച് മാസം ലഭ്യമായ ഉപകരണങ്ങൾ വിതരണം നടത്താതിരുന്നതിന് കാരണമായി പറഞ്ഞിരിക്കുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ബാർകോഡ് ചെയ്ത് പരിശീലനവും വിതരണവും നടത്തിയിരുന്നുവെങ്കിൽ 8 മാസങ്ങൾക്കു മുൻപു തന്നെ പദ്ധതിയുടെ പ്രയോജനം രോഗികൾക്ക് ലഭ്യമാകുമായിരുന്നു. വനിതകൾക്ക് ഉപകരണങ്ങൾ ഉപയോഗിച്ച് പ്രാവീണ്യം നേടുകയും ചെയ്യാമായിരുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ യഥാസമയം പ്രയോജനപ്പെട്ടു എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 3-17 അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. പരിശോധനയ്ക്കായി സാമ്പിൾ ചെന്നൈ ലാബിലേക്ക് അയയ്ക്കുകയാണ് ചെയ്തുവരുന്നത് എന്നാണ് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചത്. എന്നാൽ ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധനാഫലം ലഭ്യമാകാറില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 മെഡിക്കൽ ഓഫീസർ (ഹോമിയോ ) നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതി

മെഡിക്കൽ ഓഫീസർ (ഹോമിയോ ) നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതി പ്രകാരം 300000/- രൂപ ചെലവഴിച്ചു. എന്നാൽ പ്രളയത്തിൽ മരുന്നുകളും വാങ്ങൽ രേഖകളും നഷ്ടപ്പെട്ടതിനാൽ പ്രൊജക്ട് പരിശോധിക്കവാൻ സാധിച്ചില്ല.

## 3-19 വി ഇ ഒ നടപ്പാക്കിയ പ്രോജക്ടുകൾ-പൊതു

## അപാകതകൾ

വീട് മേൽക്കൂരമാറ്റൽ, വീട് വാസയോഗ്യമാക്കൽ എന്നിങ്ങനെ 11 വീട് പുനരുദ്ധാരണ പദ്ധതികളാണ് വി ഇ ഒ, കുട്ടമശ്ശേരി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അപേക്ഷകളിലൊന്നിലും അപേക്ഷകൻ എന്ത് പുനരുദ്ധാരണ പ്രവൃത്തിയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നോ, എത്ര ചെലവ് പ്രതീക്ഷിക്കുന്നുവെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2) എഞ്ചിനിയർ പ്രവൃത്തിയുടെ വാല്യുവേഷൻ തുക എത്രയെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുകയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റോ, എന്ത് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളതെന്നോ രേഖപ്പെടുത്തിയിട്ടില്ല.

3) പല വാല്യുവേഷൻ സർട്ടിഫിക്കറ്റിലും പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും വാല്യുവേഷനിലും അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ ഇത് അഡ്വാൻസ് തുക നൽകിയതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. അഡ്വാൻസ് നൽകിയ തുകയ്ക്ക് പൂർത്തീകരിച്ച പ്രവൃത്തിക്ക് ഭാഗികമായി വാല്യുവേഷൻ നൽകി എന്നാണ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്ന് അറിയിച്ചത്. പ്രവൃത്തി പൂർത്തിയാക്കാതെ ഭാഗികമായി വാല്യുവേഷൻ നൽകിയതിന്റെ യുക്തി വ്യക്തമല്ല.

4) അപേക്ഷകളിലൊന്നിലും വീടിന്റെ പഴക്കം നിർണ്ണയിക്കുന്നതിന്റെ രേഖകൾ ഇല്ല. പുനരുദ്ധാരണം ആവശ്യമാണെന്നും ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പണി തീർന്ന് 8 വർഷത്തിന് ശേഷം മാത്രമേ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള ആനുകൂല്യത്തിന് അർഹതയുള്ളൂവെന്നിരിക്കെ, വീടിന്റെ പഴക്കം സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തിനാൽ അർഹതപ്പെട്ടവർക്കാണോ ആനുകൂല്യം നൽകിയിരിക്കുന്നതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും ഭവന പുനരുദ്ധാരണ പ്രവൃത്തികളുടെ ഫയലുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ഭിന്നശേഷി ക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 152000 | ക്ഷീരോൽപാദകർക്ക് സബ്സിഡി | 152000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 175712 | പാഡി കൾട്ടിവേഷൻ | 175712 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | കൊയ്ത്തു മെതിയന്ത്രം വാങ്ങൽ | 600000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21701197/ 21/03/18 | 241300 | 0 | 241300 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21700577/ 21/10/17 | 7151 | 0 | 7151 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21700965/ 21/03/18 | 520120 | 0 | 520120 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21701227/ 24/03/18 | 107585 | 0 | 107585 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21701193/ 21/03/18 | 28350 | 0 | 28350 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21701197/ 21/03/18 | 30533 | 0 | 30533 |

2017-18 വാർഷിക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരം 460500201-advance to implementing agencies-KWA എന്ന ഇനത്തിൽ 13,60,300 രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ 460500202-advance to implementing agencies-KSEB എന്ന ഇനത്തിൽ 19,14,839 രൂപ നീക്കിയിരിപ്പുണ്ട്. ഇത് മുൻവർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയുൾപ്പെടെയാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി

തുക ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്-ചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3816895 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | 339338 |
| ആകെ | 4156233 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4156233 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കീഴ്മാട് സർവ്വീസ് സഹകരണബാങ്ക് | 31.07.17 | 1 വർഷം | 1985515 | |
| 2 | കുട്ടമശ്ശേരി സർവ്വീസ് സഹകരണബാങ്ക് | 10.04.17 | ,, | 2170718 | |
| | ആകെ | | | 4156233 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 6395/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2001-02 | 2-3 | 412 | സെക്രട്ടറി | 117070109149/20.02.18 |
| 2002-03 | 2-3 | 583 | സെക്രട്ടറി | 117070109151/20.02.18 |
| 2005-06 | 2-1 | 2160 | സെക്രട്ടറി | 117070109150/20.02.18 |
| 2005-06 | 3-3 | 1000 | സെക്രട്ടറി | 117070109152/20.02.18 |
| 2016-17 | 3-3 | 1840 | മെഡിക്കൽ ഓഫീസർ | 117070109881/28.02.18 |
| ആകെ | | 5995 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 8 & 9 | 2003-2004 | മരാമത്ത് പണികൾക്ക് അധികം തുക നല്കിയത് | - | പരിഹരിച്ചിട്ടില്ല |
| 2008-2009 | 3-4 | 2012-2013 | പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ പരിശീലനകേന്ദ്രം- | ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല | പരിഹരിച്ചിട്ടില്ല |

# 4-8 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് -സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80062919 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79222130 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37066 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 799586 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 37066 | റോഷ്നി കോശി, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 29800 | ഗീതമോൾ.കെ.എൻ, എച്ച്,എം |
| 3-10 | 100000 | മുഹമ്മദ് സിദ്ദിക് പി.കെ, വി.ഇ.ഒ കുട്ടമശ്ശേരി |
| 3-2 | 669786 | ഡാർലി ആന്റണി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റോഷ്നി കോശി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, കീഴ്മാട് ഗ്രാമപഞ്ചായത്ത് | കൈതക്കുടി ഹൗസ്, മണ്ണൂർ, കീഴില്ലം, പി.ഒ |
| ഗീതമോൾ.കെ.എൻ, എച്ച്,എം | ഗവ. യു.പി.എസ്, കീഴ്മാട് | പണ്ടിപ്പാറ ഹൗസ്, എൻ.ജി.ഒ ക്വാർട്ടേഴ്സ്-T3/7, ആലുവ -1 |
| മുഹമ്മദ് സിദ്ദിക് പി.കെ, വി.ഇ.ഒ | വി.ഇ.ഒ കുട്ടമശ്ശേരി | പള്ളിനിലം ഹൗസ്, കുട്ടമശ്ശേരി, തോട്ടുമുഖം പി.ഒ, ആലുവ |

| | | |
|---|---|---|
| ഡാർലി ആന്റണി, സെക്രട്ടറി | സെക്രട്ടറി, കുമ്പളം ഗ്രാമപഞ്ചായത്ത് | 11/2363, റാഫാപിള്ളിൽ(വീട്), കണ്ണൻ മാസ്റ്റർ ലൈൻ, വാല്യമ്മേൽ റോഡ്, തോപ്പുംപടി -682005 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.ഇ.കെ.എം(പി 5)681(i)/18, 15.09.18 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം(പി 5)681(ii)/18, 15.09.18 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം(പി 5)681(iii)/18, 15.09.18 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം(പി 5)681(iv)/18, 15.09.18 |
| 2000-01 (നോൺ പ്ലാൻ ചെലവ്) | കെ.എസ്.എ.ഇ.കെ.എം(പി 5)681(vi)/18, 15.09.18 |
| 2000-01 (പ്ലാൻ) | കെ.എസ്.എ.ഇ.കെ.എം(പി 5)681(vii)/18, 15.09.18 |
| 2001-02 വരവ് | കെ.എസ്.എ.ഇ.കെ.എം(പി 5)681(viii)/18, 15.09.18 |
| 2002-03 ചെലവ് | കെ.എസ്.എ.ഇ.കെ.എം(പി 5)681(xii)/18, 15.09.18 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം(പി 5)681(xiii)/18, 15.09.18 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം(പി 5)681(xiv)/18, 15.09.18 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം(പി 5)681(xv)/18, 15.09.18 |
| 2006-07 | എൽഎഫ്ഇ(പി5)1315/12, 12.11.12 |

| | |
|---|---|
| 2007-08 | എൽഎഫ്ഇ(പി5) 645/09, 02.05.12 |
| 2008-09 | എൽഎഫ്ഇ(പി5)1663/11/, 17.07.12 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ.ഇ.കെ.എം(പി 5)387/17, 17.06.17 |
| 2012-13 | കെ.എസ്.എ.ഇ.കെ.എം(പി 5)1025/16, 12.06.17 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി 5)1125/16, 31.05.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി 5)733/17, 25.07.18 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി 5)1648/17, 18.07.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(6), കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ

സ്ഥാപനത്തിന്റെ 2017-18- സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ